## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1596** **04.10.2016 ൽ മറുപടിക്ക്.**

## ചെക്ക്പോസ്റ്റുകളുടെ നവീകരണം

| ചോദ്യം<br>ശ്രീ.എം.എം. മണി<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ. ബാബു<br>ശ്രീമതി.പി.അയിഷാ പോറ്റി | | മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| എ) | വാണിജ്യ നികുതിയുൾപ്പെടെയുള്ള നികുതിവെട്ടിപ്പിന് സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിലെ ചില ഉദ്യോഗസ്ഥരെങ്കിലും കൂട്ടുനിൽക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | മദ്യം, നിരോധിത പുകയില ഉല്പന്നങ്ങൾ, മയക്കുമരുന്ന് തുടങ്ങിയ ചരക്കുകൾ സംസ്ഥാനത്തേയ്ക്ക് കടത്തുന്നത് തടയാൻ നിലവിലെ ചെക്ക്പോസ്റ്റ് സംവിധാനം പര്യാപ്തമല്ലെന്ന് മനസ്സിലായിട്ടുണ്ടോ; | ബി) | പ്രധാന ചെക്ക്പോസ്റ്റുകൾ ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റുകൾ/ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആയി നവീകരിക്കുവാനുള്ള പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |
| സി) | ചെക്ക്പോസ്റ്റ് സംവിധാനം ഫലപ്രദമാക്കുന്നതിനും വാഹനങ്ങൾ മണിക്കൂറുകളോളം കാത്തു കിടക്കുന്നത് | സി) | കേരളത്തിലെ പ്രധാനപ്പെട്ട 7 ചെക്ക്പോസ്റ്റുകൾ ആധുനിക സംവിധാനങ്ങളോടു കൂടിയ സംയോജിത |

| | | | |
|---|---|---|---|
| | ഒഴിവാക്കാനും ഈ സംവിധാനം നവീകരിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ സ്ഥലം ലഭ്യമായ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നിവിടങ്ങളിൽ ആദ്യ ഘട്ടത്തിൽ ഇത്തരം ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.<br>നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ് സംയോജിത ചെക്ക് പോസ്റ്റ്/ ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ. ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും, അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ വാഹനം സെന്ററുകളിലേയ്ക്ക് കടന്നു വരുമ്പോൾ ഓരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തി വിടാൻ സാധിക്കുന്നു.<br>സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ |

| | | | |
|---|---|---|---|
| | | | പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കും. ഇതിലൂടെ ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു. |

സെക്ഷൻ ഓഫീസർ